**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5838** **25-03-2025 - ൽ മറുപടിയ്ക്ക്**

**ട്രഷറി നിയന്ത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ട്രഷറികളിൽ പണം പിൻവലിക്കുന്നതിനും ബില്ലുകൾ മാറുന്നതിനും മറ്റും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | കേന്ദ്ര സർക്കാരിന്റെ ഭാഗത്തു നിന്നുള്ള നടപടികളുടെ ഭാഗമായി നികുതി വിഹിതത്തിലും വായ്പ അടക്കമുള്ള സർക്കാർ വരവിലും ഭീമമായ കുറവ് ഉണ്ടായിട്ടുണ്ട്. തത്ഫലമായി ഗുരുതരമായ പണഞെരുക്കം സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ടി സാമ്പത്തിക ഞെരുക്കം പരിഹരിക്കുന്നതിന് വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ആയതിന്റെ ഭാഗമായി ദൈനംദിന മാനേജ്മെന്റിനു വേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും സർക്കാർ സ്വീകരിക്കുന്നുണ്ട്. മുൻകാലങ്ങളിലും ഇത് സർക്കാർ സ്വീകരിക്കുന്ന നടപടിക്രമമാണ്. അത്തരം നടപടികൾ മാത്രമേ നിലവിൽ സർക്കാർ കൈക്കൊണ്ടിട്ടുള്ളൂ. കൂടാതെ, 25 ലക്ഷത്തിനു മുകളിലുള്ള വിതരണക്കാർ/ കോൺട്രാക്ടർ പേയ്മെന്റുകൾക്ക് നിലവിൽ സർക്കാർ ബി.ഡി.എസ്. സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. വെയ്സ് ആന്റ് മീൻസ് പരിപാലനത്തിന്റെ ഭാഗമായുള്ള ക്രമീകരണങ്ങൾ നിലവിലെ പണഞെരുക്കത്തിനിടയിലും പ്രവൃത്തികളുടെ ബില്ലുകൾ ഭംഗം കൂടാതെയും മുൻഗണന പാലിച്ചും അനുവദിക്കുന്നതിന് സഹായകരമായിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് റോഡ് ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾ പ്രസ്തുത ട്രഷറി നിയന്ത്രണം മൂലം തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | കേന്ദ്ര സർക്കാരിന്റെ ഭാഗത്തു നിന്നുള്ള നടപടികളുടെ ഭാഗമായി നികുതി വിഹിതത്തിലും വായ്പ അടക്കമുള്ള സർക്കാർ വരവിലും ഭീമമായ കുറവ് ഉണ്ടായിട്ടുണ്ട്. തത്ഫലമായി ഗുരുതരമായ പണഞെരുക്കം സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ടി സാമ്പത്തിക ഞെരുക്കം പരിഹരിക്കുന്നതിന് വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ആയതിന്റെ ഭാഗമായി ദൈനംദിന മാനേജ്മെന്റിനു വേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും സർക്കാർ സ്വീകരിക്കുന്നുണ്ട്. മുൻകാലങ്ങളിലും ഇത് സർക്കാർ സ്വീകരിക്കുന്ന നടപടിക്രമമാണ്. അത്തരം നടപടികൾ മാത്രമേ നിലവിൽ സർക്കാർ |

| | | | |
|---|---|---|---|
| | | | കൈക്കൊണ്ടിട്ടുള്ളൂ. കൂടാതെ, 25 ലക്ഷത്തിനു മുകളിലുള്ള വിതരണക്കാർ/ കോൺട്രാക്ടർ പേയ്മെന്റുകൾക്ക് നിലവിൽ സർക്കാർ ബി.ഡി.എസ്. സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. വെയ്സ് ആന്റ് മീൻസ് പരിപാലനത്തിന്റെ ഭാഗമായുള്ള ക്രമീകരണങ്ങൾ നിലവിലെ പണഞെരുക്കത്തിനിടയിലും പ്രവൃത്തികളുടെ ബില്ലുകൾ ഭംഗം കൂടാതെയും മുൻഗണന പാലിച്ചും അനുവദിക്കുന്നതിന് സഹായകരമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ